(ഡി) നാലാംഘട്ടത്തിൽ വിജയാ കൺസ്ട്രക്ഷൻ കമ്പനി ഏറ്റെടുത്ത പാക്കേജ് നമ്പർ കെ. ആർ. 13-06-ൽ ഉൾപ്പെട്ടിട്ടുള്ള 5 പ്രവൃത്തികളാണ് തടസ്സപ്പെട്ടുകിടക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കാത്തത് കാരണം കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് കാലാവധി തീരുന്ന മുറയ്ക്ക് ടെർമിനേറ്റ് ചെയ്ത് ബാക്കി പണികൾ ടെണ്ടർ ചെയ്ത് പ്രവർത്തി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.എഫ്.ഇ.-ക്ക് ശാഖ തുടങ്ങുന്നതിന് സ്ഥലമനുവദിക്കാൻ നടപടി

194 (1952) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞാണിയിൽ പ്രവർത്തിക്കുന്ന മണലൂർ ഗ്രാമപഞ്ചായത്തു ഷോപ്പിംഗ് കോംപ്ലക്സിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് ശാഖ തുടങ്ങുന്നതിന് സ്ഥലം അനുവദിക്കാൻ മുൻ ഭരണസമിതി തീരുമാനമെടുത്തിരുന്നുവോ :

(ബി) എങ്കിൽ സ്ഥലമനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ :

(സി) കെ.എസ്.എഫ്.ഇ. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പരസ്യലേലത്തിലൂടെയല്ലാതെ സ്ഥലമനുവദിക്കാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ടോ :

(ഡി) സ്ഥലമനുവദിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകിയോ : ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) കാഞ്ഞാണിയിൽ പ്രവർത്തിക്കുന്ന മണലൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് ശാഖ തുടങ്ങുന്നതിന് സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി സ്ഥലമനുവദിക്കുന്നതിന് മുൻ ഭരണസമിതി 26-5-20-ൽ 366/2010 നമ്പരായി തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

(സി) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 11 പ്രകാരം കൈമാറ്റങ്ങൾ പരസ്യലേലമോ ടെണ്ടറോ മുഖാന്തരമോ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) അനുമതി നൽകിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടത്തിന് ഇളവ് നൽകികൊണ്ട് മണലൂർ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന നിർദ്ദേശം അനുവദിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly